**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1338** **30-06-2026-ൽ മറുപടിയ്ക്ക്**

**പൊതുഗതാഗത സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി: മോട്ടോർ വാഹന വകുപ്പ്**

സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാർ നയത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കെ എസ് ആർ ടി സി/ സ്വകാര്യ ബസ് സർവ്വീസുകൾ ദൗർലഭ്യമുള്ള റൂട്ടുകൾ കണ്ടെത്തുകയും ഇതനുസരിച്ച്, ജനകീയ സദസ്സുകൾ സംഘടിപ്പിച്ചു. ജനകീയ സദസ്സുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ, സ്ഥലപരിശോധനകൾ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആകെ 503 പുതിയ റൂട്ടുകൾ രൂപീകരിച്ച് സർക്കാർ G.O.(P) No.7/2026/TRANS dated 21/02/2026 നമ്പർ ഉത്തരവ് പ്രകാരം അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**കെ എസ് ആർ ടി സി**

പൊതുഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ തുടർന്നുവരുന്ന "ഗ്രാമവണ്ടി" പദ്ധതി കൂടുതൽ വിപുലമാക്കുവാനായി കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിച്ച് കൂടുതൽ ബസ്സുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഡീസലിന് പുറമെ ബസ്സുകൾ കൂടി സ്പോൺസർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള പദ്ധതി കൂടി വിഭാവനം ചെയ്തു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വ്യക്തികൾ, സന്നദ്ധ സംഘടനകൾ എന്നിവരെയും ടി പദ്ധതിയുടെ ഭാഗമാക്കാവുന്നതുമാണ്.

പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകളുപയോഗിച്ചുള്ള സർവീസുകളെ എ.ഐ സാങ്കേതിയുടെ കൂടെ സഹായത്തോടെ പുനർവിന്യസിക്കുവാനും പുതിയ സർവീസുകളും ട്രിപ്പുകളും വിവിധ റൂട്ടുകളിൽ ക്രമീകരിക്കുവാനും, ബസ് സ്റ്റേഷനുകൾ / ടെർമിനലുകളിൽ നിന്നും വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് യാത്രക്കാരുടെ തിരക്ക്

കണക്കിലെടുത്ത് റെഗുലർ സർവീസുകൾക്ക് പുറമെ അധിക സർവീസുകൾ (ബസ് ഓൺ ഡിമാൻറ്) ഓപ്പറേറ്റ് ചെയ്യുവാനും തമിഴ് നാടുമായുള്ള അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ ബസ് പാരിറ്റി വ്യവസ്ഥയിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ കൂടുതൽ ചാർട്ടേർഡ് സർവീസുകൾ ക്രമീകരിക്കുവാനും കഴിയുന്നതാണ്. പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. AI-പവർഡ് ഷെഡ്യൂൾ മാനേജമെന്റ് സിസ്റ്റം.

ടി സംവിധാനം നടപ്പിലാക്കുന്നത് വഴി ഷെഡ്യൂളുകൾ ഒപ്റ്റിമൈസ് ചെയ്യുവാനും, മികച്ച വിഭവ വിഹിതം ഉറപ്പാക്കുവാനും, നിഷ്ക്രിയ സമയം കുറയ്ക്കുവാനും, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കുവാനും സാധിക്കും. വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

2. Integrated Expense & Revenue Management System (IERMS)

സാമ്പത്തിക ഭരണസംവിധാനം കൂടുതൽ ശക്തമാക്കുന്നതിനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി, KSRTC ഒരു Integrated Expense & Revenue Management System (IERMS) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

<u>സംസ്ഥാന ജലഗതാഗത വകുപ്പ്</u>

കേരളത്തിലെ ജലഗതാഗത ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനായി ബോട്ട് ജെട്ടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും, കുടുംബശ്രീ പോലുള്ള പ്രാദേശിക കൂട്ടായ്മകളെ ജലടൂറിസം പദ്ധതികളിൽ പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, യാത്രാ വിവരങ്ങൾ തത്സമയം പങ്കുവെക്കാനും ഫീഡ്ബാക്ക് അറിയിക്കാനുമായി ലളിതമായ മൊബൈൽ ആപ്ലിക്കേഷനുകളും സോഷ്യൽ മീഡിയ കൂട്ടായ്മകളും സജീവമാക്കുന്നതിലൂടെ കൂടുതൽ സുതാര്യവും ജനകീയവുമായ ഒരു ജലഗതാഗത സംസ്കാരം കെട്ടിപ്പടുക്കാൻ സാധിക്കുന്നതാണ്.

**(ബി)** മുൻ സർക്കാരിന്റെകാലത്ത് കെ.എസ്.ആർ.ടി.സി.നഷ്ടത്തിലാണെന്നുള്ള ആക്ഷേപം ശ്രദ്ധയിയൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നഷ്ടത്തിലാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അവലോകനം നടത്തുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സിയ്ക്ക് ലഭ്യമാകുന്ന പ്രതിമാസ ശരാശരി ടിക്കറ്റ്, ടിക്കറ്റിതര വരുമാനത്തിന്റെ 85 ശതമാനത്തിലധികം തുകയും ഡീസൽ, കൺസോർഷ്യം വായ്പ, ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവുകൾ, സ്പെയർ പാർട്സ്, ജീവനക്കാരുടെ പ്രതിദിന അലവൻസുകൾ, ബദലി ജീവനക്കാരുടെ ശമ്പളം തുടങ്ങിയ ചെലവുകൾക്കായി മാത്രമാണ് വിനിയയോഗിക്കേണ്ടിവരുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് ജനങ്ങൾ പൊതുഗതാഗത സംവിധാനത്തെ ഉപേക്ഷിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിലും ഗണ്യമായ കുറവുണ്ടായി. അതോടൊപ്പം ഡീസൽ, സ്പെയർ പാർട്സ് എന്നിവയുടെ വിലവർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ നഷത്തിന്റെ ആഴം കൂട്ടുകയും, പ്രതിദിന വരുമാനത്തിൽ നിന്നും 1.19 കോടി രൂപ കൺ-സോർഷ്യം തിരിച്ചടവിലേക്കും, ഏകദേശം 4.50 കോടി രൂപയോളം ഡീസൽ ചെലവിനുമായി നീക്കിവെക്കേണ്ടതിനാൽ ജീവനക്കാരുടെ നെറ്റ് ശമ്പളത്തിനും, സ്പെയർ പാർട്സിനും, എം.എ.സി.ടി. പെയ്മെന്റുകൾക്കും, വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള ജീവനക്കാരുടെ വിഹിതം കോർപ്പറേഷൻ ഈടാക്കിയത് ഒടുക്കുന്നതിനും തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുകയും ചെയ്തു.

കൂടാതെ കെ.എസ്.ആർ.ടി.സി. ഉൾനാടൻ ഗ്രാമങ്ങളിലേക്കും, മലയോര മേഖലകളിലേക്കും, മറ്റ് ഗതാഗത സൌകര്യങ്ങളില്ലാത്ത മേഖലകളിലേക്കും അവശ്യ സർവ്വീസായി സേവനം നടത്തുന്നതിലൂടെയും, അന്ധർ, ബധിരർ, ക്യാൻസർ രോഗികൾ, വികലാംഗർ, വിദ്യാർത്ഥികൾ, തുടങ്ങിയ വിവിധ വിഭാഗങ്ങൾക്ക് സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി ഇളവുകൾ നൽകിയതുവഴിയും കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

**(സി)** നിലവിലുള്ള സർവീസുകൾ ലാഭകരമാക്കുന്നതിനും കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനും ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** പൊതുഗതാഗത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ ബസ്സുകളുപയോഗിച്ചുള്ള സർവീസുകളെ എ.ഐ സാങ്കേതികവിദ്യയുടെ കൂടെ സഹായത്തോടെ പുനർവിന്യസിക്കുവാനും പുതിയ സർവീസുകളും ട്രിപ്പുകളും വിവിധ റൂട്ടുകളിൽ ക്രമീകരിക്കുവാനും, ബസ് സ്റ്റേഷനുകൾ / ടെർമിനലുകളിൽ നിന്നും വിവിധ ഡെസ്റ്റിനേഷനുകളിലേയ്ക്ക് യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്ത് റെഗുലർ സർവീസുകൾക്ക് പുറമെ അധിക സർവീസുകൾ (ബസ് ഓൺ ഡിമാൻറ്) ഓപ്പറേറ്റ് ചെയ്യുവാനും തമിഴ് നാടുമായുള്ള അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ ബസ് പാരിറ്റി വ്യവസ്ഥയിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ കൂടുതൽ ചാർട്ടേർഡ് സർവീസുകൾ ക്രമീകരിക്കുവാനും കഴിയുന്നതാണ്. കൂടാതെ ഗ്രാമീണമേഖലകളിലെയും ഉൾപ്രദേശങ്ങളിലെയും പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി ഗ്രാമവണ്ടി പദ്ധതി കൂടുതൽ വിപുലമാക്കി. ഡീസലിന് പുറമെ ബസ്സുകൾ കൂടി സ്പോൺസർ ചെയ്ത് ലഭ്യമാക്കുന്നതിനുകൂടി വിഭാവനം ചെയ്തുവരുന്നുണ്ട്. ഇതുവഴി കൂടുതൽ സർവീസുകൾ ക്രമീകരിക്കുവാൻ കഴിയുന്നതാണ്.

**മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന നിയമം, 1988-ലെയും കേരള മോട്ടോർ വാഹന ചട്ടങ്ങൾ, 1989-ലെയും വ്യവസ്ഥകൾക്ക് വിധേയമായി പൊതുജനങ്ങളുടെ യാത്രാ ആവശ്യകത, ഗതാഗത സൗകര്യങ്ങളുടെ ലഭ്യത, റോഡുകളുടെ സ്ഥിതി, വാഹനങ്ങളുടെ ലഭ്യത, യാത്രക്കാരുടെ എണ്ണം എന്നിവ പരിഗണിച്ച് സ്റ്റേജ് കാര്യേജ് സർവീസുകളുടെ സമയക്രമം (ഷെഡ്യൂൾ) കാലാകാലങ്ങളിൽ പുനഃപരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യുന്നുണ്ട്.

നിലവിലുള്ള സർവ്വീസുകളുടെ കാര്യക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി യാത്രക്കാരുടെ തിരക്ക്, വരുമാനം വാഹന വിനിയോഗം എന്നിവ വിലയിരുത്തി ആവശ്യമായിടത്ത് സമയക്രമം പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ, ജനപ്രതിനിധികളുടെ ശുപാർശകൾ, ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പുതിയ സർവ്വീസുകൾ അനുവദിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**